
2024
ജൂലൈ
വാല്യം 17 | ലക്കം 7
Annual Subscription ₹ 100.00

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN



**യുവജനങ്ങളേ...**
**നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു.**

Chavara Matrimony.com
Connecting Hearts

# നല്ലൊരു ആലോചന യാണ്!

കല്യാണാലോചന
ചാവറ മാട്രിമണിയിൽ




Fr. Anil Philip CMI | Johnson C. Abraham

Chavara Family Welfare Centre
H.O Chavara Cultural Centre, Kochi
99617 44444 0484 40 80 333 1800 103 4080

29 Branches in Kerala,
Bangalore, Coimbatore,
Mumbai & Delhi

KOTTAYAM
Call us 9995 777 601

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2024 JULY Registered Newspaper, Reg. No. KERMAL/2008/24745 VOL.17 ▪ NO.7

EDITORIAL BOARD

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Mathew Ozhathil STL**

*Managing Editor*
**Fr. Hilari Thekkekuttu**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

Circulation Manager
**Fr. Joseph Meenaikodath**
Mob: 9496564652
9446864649



## താളുകൾ മറിക്കുമ്പോൾ

| | |
|---|---|
| 04 | എഡിറ്റോറിയൽ |
| 06 | Appointments and Transfers |
| 07 | കെ.സി.വൈ.എം അർദ്ധവാർഷിക സെനറ്റ് സമ്മേളനം |
| 08 | ഓർമ്മകൾ സജീവമാകുന്ന കാലത്ത് വിശ്വാസവേരുകളിലേയ്ക്ക് ഒരു യാത്ര |
| 18 | യുവജനം: സഭയുടെ ഭാവി |
| 19 | വിജയപുരം രൂപത കോട്ടയം മേഖല തിരുബാലസഖ്യസംഗമം |
| 20 | ഉണർവ് 2k24 |
| 22 | വിജയപുരം രൂപത പ്രവാസി കൂട്ടായ്മയുടെ 2024-2025 കർമ്മപദ്ധതി പ്രകാശനം |
| 23 | ഷൈനിങ് സ്റ്റാർസ് 2024 |
| 24 | ഇടവക വാർത്തകൾ |
| 31 | വി.എസ്.എസ്.എസ്. വാർത്തകൾ |

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at **Good Shepherd Press**, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

Editorial

# ജൂലൈ: വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും വിശുദ്ധീകരണത്തിന്റെയും മാസം

നമ്മുടെ വിശ്വാസത്തിന്റെ മൂന്ന് അടിസ്ഥാനങ്ങളെയും മൂന്ന് ജീവിത ബന്ധങ്ങളെയും ഓർമ്മപ്പെടുത്തുന്ന മാസമാണ് ജൂലൈ. ഒന്നാമത്തെ അടിസ്ഥാനം നമ്മുടെ രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവാണ്. അഭിവന്ദ്യ പിതാവിന്റെ മെത്രാഭിഷേക വാർഷിക ദിനമാണ് ജൂലൈ രണ്ടാം തീയതി. അദ്ദേഹത്തിന്റെ ജന്മദിനമാണ് ജൂലൈ 30. നമ്മുടെ രൂപതയിലെ എല്ലാവരെയും ഒരുമിച്ചുകൂട്ടി മുന്നോട്ടു നയിക്കുന്ന അഭിവന്ദ്യ പിതാവിനെയോർത്ത് നമുക്ക് അഭിമാനം കൊള്ളാം. ദൈവത്തെ സ്തുതിക്കാം. കൂടുതൽ നന്മകളാലും കൃപകളാലും പിതാവിനെ നിറച്ച് അനുഗ്രഹിക്കാൻ നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം.

രണ്ടാമത്തെ അടിസ്ഥാനം ഭാരതത്തിന്റെ പ്രഥമ അപ്പോസ്തലനായ വിശുദ്ധ തോമസ് ആണ് ജൂലൈ മൂന്നാം തീയതി അദ്ദേഹത്തിന്റെ തിരുനാൾ നാം ആഘോഷിക്കും. ലോകമെങ്ങും പോയി എല്ലാ ജനതകളോടും സുവിശേഷം പ്രഘോഷിക്കുവിൻ എന്ന കർതൃകല്പന പാലിച്ച് സ്വന്തം വീടും നാടും വിട്ട് നമ്മുടെ നാട്ടിലേക്ക് കടന്നുവന്ന് സുവിശേഷം പകർന്നു നല്കി നമുക്ക് രക്ഷയുടെ മാർഗ്ഗത്തിൽ ചരിക്കാൻ പ്രചോദനമേകിയ തോമസ് അപ്പോസ്തലൻ ഉത്ഥിതനെ കണ്ടുമുട്ടിയ അനുഭവത്തിൽ അധിഷ്ഠിതമായ വിശ്വാസം ഏറ്റുപറയുകയും, കൂട്ടായ്മയിലായിരിക്കുമ്പോഴാണ് ഉത്ഥിതന്റെ സാന്നിദ്ധ്യം അനുഭവിച്ചറിയാനാവുക എന്ന യാഥാർത്ഥ്യം തന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ വെളിപ്പെടുത്തുകയും ചെയ്ത ക്രിസ്തുശിഷ്യൻ, ക്രിസ്തുവിൽ നിന്ന് പാഠം പഠിക്കാനും കർത്താവിനുവേണ്ടി മരിക്കാൻ പോലും തയ്യാറായ തോമസപ്പോസ്തലൻ നമുക്കെന്നും മാതൃകയും പ്രചോദനവുമാണ്. മൂന്നാമത്തെ അടിസ്ഥാനം കർമ്മലമാതാവാണ്. ജൂലൈ 16-ാം തീയതി നാം കർമ്മലമാതാവിന്റെ തിരുനാൾ കൊണ്ടാടുന്നു. കർമ്മലമാതാവുമായി നമ്മുടെ രൂപതയ്ക്ക് അഭേദ്യമായ ബന്ധമാണുള്ളത്. നമ്മുടെ രൂപതയ്ക്ക് ആരംഭമിട്ട മിഷനറിമാരും രൂപതയുടെ ആദ്യത്തെ രണ്ടു

മെത്രാന്മാരും രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന കൂടുതൽ സന്യാസിനി സന്യാസികളും കർമ്മല മാതാവിനെ നാഥയും മാതൃകയുമായി സ്വീകരിച്ച കർമ്മലീത്തരാണ്. അവരുടെ കർമ്മലീത്ത ആദ്ധ്യാത്മികതയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, കർമ്മലോത്തരീയം ധരിച്ച് മാതാവിന്റെ സംരക്ഷണയിൽ നമുക്ക് ജീവിക്കാം. ഈ മൂന്ന് അടിസ്ഥാനങ്ങൾ കൂടാതെ ജൂലൈമാസത്തിൽ ക്രൈസ്തവ ജീവിതത്തിലെ മൂന്നു ബന്ധങ്ങളെ ശ്രദ്ധയിൽ കൊണ്ടുവരുന്ന മൂന്ന് തിരുനാളുകളും നാം ആഘോഷിക്കുന്നുണ്ട്.

**ദൈവവുമായുള്ള ബന്ധം** ജൂലൈ 22-ാം തീയതി വിശുദ്ധ മഗ്ദലേന മറിയത്തിന്റെ തിരുനാളാണ് നാം കൊണ്ടാടുന്നത്. ക്രിസ്തുവിനോട് ആഴപ്പെട്ട ബന്ധമുണ്ടായിരുന്ന, യേശുവിന്റെ മരണം വരെയും ദൈവമാതാവായ മറിയത്തോടൊപ്പം കൂടെയുണ്ടായിരുന്ന, ഉത്ഥിതനെ ആദ്യം കണ്ടുമുട്ടാൻ ഭാഗ്യം ലഭിച്ച, ഉത്ഥിതന്റെ സന്ദേശം അപ്പോസ്തലർക്ക് പകർന്ന് അപ്പോസ്തലന്മാരുടെ അപ്പോസ്തലയായി അറിയപ്പെടുന്ന മഗ്ദലേന മറിയം ആഴപ്പെട്ട ദൈവത്തിന്റെ ഉദാത്ത മാതൃകയാണ്.

**ദമ്പതികളുടെ ബന്ധം** ജൂലൈ 26-ാം തീയതി വിശുദ്ധ യോവാക്കിമിന്റെയും അന്നാമ്മയുടെയും തിരുനാളാണ്. പരിശുദ്ധ കന്യമറിയത്തിന്റെ മാതാപിതാക്കളും നമ്മുടെ കർത്താവിന്റെ വല്യപ്പനും വല്യമ്മച്ചിയുമായിരുന്ന അവർ ഉത്തമദമ്പതികളായിരുന്നു. യൗസേപ്പിതാവിനെയും ദൈവമാതാവിനെയും പോലെ കൊച്ചുത്രേസ്യാ പുണ്യവതിയുടെ മാതാപിതാക്കളായ വിശുദ്ധ സെലിനെയും വിശുദ്ധ മാർട്ടിനെയും പോലെ അവരുടെ തിരുനാളും നാം ആഘോഷിക്കുന്നുണ്ടല്ലോ.

**സഹോദരങ്ങൾ തമ്മിലുള്ള ബന്ധം** ജൂലൈ മാസം 29-ാം തീയതി നാം വിശുദ്ധ മർത്തയുടെയും മറിയത്തിന്റെയും ലാസറിന്റെയും തിരുനാൾ കൊണ്ടാടുകയാണ്. ക്രിസ്തുവുമായി ആഴത്തിൽ ബന്ധമുണ്ടായിരുന്ന ആ മൂന്നുപേരും സഹോദര ബന്ധത്തിന്റെ പ്രതീകങ്ങളാണ്.

അങ്ങനെ ദൈവവുമായും ദമ്പതികൾ തമ്മിലും സഹോദരങ്ങൾ തമ്മിലും ആഴപ്പെട്ടു ബന്ധം പുലർത്തിയും വളർത്തിയും മുന്നേറാൻ ജൂലൈ മാസം പ്രത്യേക അവസരമായി മാറുന്നു.

ജൂണിൽ നാം യേശുവിന്റെ തിരുഹൃദയത്തെ ധ്യാനിച്ചു. ഈശോയുടെ തിരുരക്തത്തെ ധ്യാനിക്കാനുള്ള മാസമാണ് ജൂലൈ. പാപമോചനത്തിന്റെ വീണ്ടെടുക്കലിന്റെയും നവീനവും സനാതനവുമായ ഉടമ്പടിയുടെയും രക്തം നമ്മെ വിശുദ്ധീകരിച്ച് നമ്മിലേക്കും ദൈവിക ജീവൻ നിറയ്ക്കുന്ന, സാത്താന്റെ കെണികളിൽ നിന്ന് നമ്മെ സംരക്ഷിക്കുകയും നമുക്ക് സൗഖ്യം പകരുകയും ചെയ്യുന്ന രക്തം. അങ്ങനെ ജൂലൈ മാസം നമുക്ക് അഭിമാനത്തിന്റെയും സ്നേഹബന്ധങ്ങളുടെയും വിശുദ്ധീകരണത്തിന്റെയും മാസമാകട്ടെ.

*പത്രാധിപർ*

# രൂപതാ കാര്യാലയത്തിൽ നിന്ന്

## APPOINTMENTS AND TRANSFERS:

**Rev. Fr. Joyson Choothaparambil OSJ** is appointed as the Parish Priest of St. Mary's Church, Vadavathoor.

**Rev. Fr. Ginson George Puthuseriyil** is appointed as the Associate Director of Assisi Hospital and Assisi Institutions of Nursing, Mukkoottuthara.

**Rev. Fr. Ginson** In addition to his other respoinsibilities is appointed as the Parish Priest of Fathimagiri Church, Kunnamthanam.

**Rev. Fr. Peter Mathirappilly Augustine** is relieved of his responsibility as the Parish Priest of Fathimagiri Church, Kunnanthanam and is given residence at St. Pius X Priest Home, Vimalagiri.

**Rev. Fr. Mathew Lazer Villukulam** is appointed as the Parish Priest of St. Joseph's Church, Propose.

**Rev. Fr. Alex Kochatt** is appointed as the Parish Priest of St. Joseph's Church, Poovam.

**Rev. Fr. Thomas Thyparambil** is appointed as the Parish Priest of St. Sebastian's Church, Chathanthara.

**Very Rev. Dr. Chacko Puthenpurackal** is appointed as the Parish Priest of St. Mary's Church, Thellakom.

**Rev. Fr. Joseph (Aji) Cherukakrancheril** is appointed as the Director of Vimalagiri Pastoral Centre, Kottayam and as the Moderator of the Diocesan Curia.

# കെ.സി.വൈ.എം. വിജയപുരം രൂപത
# അർദ്ധവാർഷിക സെനറ്റ് സമ്മേളനം



**കെ.**സി.വൈ.എം വിജയപുരം രൂപതയുടെ പരമോന്നത സമിതിയായ രൂപത സെനറ്റിന്റെ അർദ്ധവാർഷിക സമ്മേളനം മൂന്നാർ മിസ്റ്റ് ആനിമേഷൻ സെന്ററിൽ കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് ശ്രീ. ഇമ്മാനുവൽ എം. ജെ ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം വിജയപുരം രൂപത പ്രസിഡന്റ് അജിത്ത് അൽഫോൻസ് അധ്യക്ഷത വഹിച്ചു. കെ.സി.വൈ.എം സംസ്ഥാന സെക്രട്ടറി സുബിൻ കെ സണ്ണി, കെ.സി.വൈ.എം ലാറ്റിൻ സംസ്ഥാന ജന. സെക്രട്ടറി ജോസ് വർക്കി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കെ.സി.വൈ.എം വിജയപുരം രൂപത ഡയറക്ടർ ഫാ. ജോൺ വിയാന്നി, അസോ. ഡയറക്ടർ ഫാ. ജിതിൻ കോട്ടമേട്, ആനിമേറ്റർ സി. റാണി സി.എം.എം, സെക്രട്ടറിമാരായ അനു വിൻസെന്റ്, റെനീഷ് സെബാസ്റ്റ്യൻ, മൂന്നാർ മേഖല പ്രസിഡന്റ് അനീഷ് ബാബു, മൂന്നാർ മേഖല ഡയറക്ടർ ഫാ. മാത്യു സോജൻ കല്ലേൽ എന്നിവർ സംസാരിച്ചു. കെ.സി.വൈ.എം വിജയപുരം രൂപത അർദ്ധ വാർഷിക റിപ്പോർട്ട് ജനറൽ സെക്രട്ടറി ജോസ് സെബാസ്റ്റ്യനും അർദ്ധ വാർഷിക കണക്ക് ട്രഷറർ അലൻ ജോസഫും അവതരിപ്പിച്ചു. രൂപതയിലെ ഏഴു മേഖലയിലെ 35 ഓളം യൂണിറ്റിൽ നിന്നായി 100 ൽ പരം യുവജനങ്ങൾ പങ്കെടുത്തു. കെ.സി.വൈ.എം വിജയപുരം രൂപത യൂത്ത് കൗൺസിൽ അംഗങ്ങൾ സെനറ്റ് സമ്മേളനത്തിന് നേതൃത്വം നൽകി.

# ഓർമകൾ സജീവമാകുന്ന കാലത്ത് വിശ്വാസവേരുകളിലേയ്ക്ക്

# ഒരു യാത്ര

"**കാ**ലത്തിന് അണയ്ക്കാനാവാത്ത ചില പ്രകാശഗോപുരങ്ങൾ ഇപ്പോഴും പ്രഭ ചൊരിഞ്ഞു കൊണ്ടിരിക്കുന്നു". വിജയപുരം രൂപതയുടെ രൂപീകരണത്തിനു വിത്തുപാകിയ കർമ്മലീത്ത മിഷനറിമാരുടെ ജീവിതത്തെ വായിക്കുകയും അടുത്തറിയുകയും ചെയ്യുമ്പോൾ ഈ വാക്കുകളുടെ പ്രഭ കൂടുകയാണ്. അല്ലെങ്കിൽ ഒരു നൂറ്റാണ്ടുകൾക്കപ്പുറം അവർ തങ്ങളുടെ ജീവിതം സമർപ്പിച്ച രൂപതയിൽ നിന്നും ഒരിടയൻ അവരെ തേടിയെത്തുകയും അവർ പിറന്ന വീടും നാടും സന്ദർശിച്ച് അവരോടുള്ള കടപ്പാട് അറിയിക്കുകയും ചെയ്യുമായിരുന്നോ? പറഞ്ഞുവരുന്നത് ഈ കഴിഞ്ഞ മെയ് മാസം അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് നമ്മുടെ സ്പാനീഷ് കർമ്മലീത്ത പിതാക്കന്മാരുടെയും മിഷനറിമാരുടെയും സന്യാസിനിമാരുടെയും ജന്മദേശം സന്ദർശിച്ചതിനെക്കുറിച്ചാണ്. വിജയപുരം രൂപതാ ചരിത്രത്തിൽ അടയാളപ്പെടുത്തേണ്ട നിമിഷങ്ങളാണിവ.

## 1. ലറേയ: പ്രേക്ഷിതയാത്രകൾക്ക് വിത്തുപാകിയ ആശ്രമം

സ്പെയിനിലെ 'ബിൽബാഒ' പട്ടണത്തിന്റെ ഭാഗമായ 'അമോരേബിയെത്ത എന്ന ഗ്രാമം. വിജയപുരം രൂപത തുടക്കകാലത്ത് 'കോട്ടയം മിഷൻ' എന്ന പേരിൽ മിഷനറി പ്രവർത്തനം ആരംഭിച്ചപ്പോൾ ബ്രദർ റോക്കിക്ക്



ഒപ്പം 1887 മുതൽ മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും 1890 - 1895 വരെ ഈ മിഷന്റെ അധികാരിയുമായിരുന്ന അഭിവന്ദ്യ ബർണാഡ് ജീസസ് പിതാവ് ജനിച്ചത് ഈ ഗ്രാമത്തിലാണ്. കൂടാതെ രൂപതയുടെ ദ്വിതീയ മെത്രാനായിരുന്ന അംബ്രോസ് അബസോളോ പിതാവിന്റെ ജന്മദേശം കൂടെയാണീ ഗ്രാമം.

ഈ ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന 'ലറേയ' കർമ്മലീത്ത ആശ്രമത്തിന് നമ്മുടെ രൂപതയുമായി അഭേദ്യബന്ധമുണ്ട്. 18-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെയാണ് ഈ ആശ്രമം രൂപീകൃതമാകുന്നത്. അധികം താമസിയാതെ ഇത് കർമ്മലീത്ത വൈദികാർത്ഥികളുടെ പരിശീലനത്തിന്റെ ആദ്യഘട്ടങ്ങൾക്കുള്ള രൂപീകരണകേന്ദ്രമായി മാറി. അതിനാൽ ഇവിടെയാണ് നമ്മുടെ പല കർമ്മലീത്ത മിഷനറിമാരും തങ്ങളുടെ രൂപീകരണത്തിന്റെ ആദ്യനാളുകൾ ചെലവഴിച്ചത്. അവരിൽ നമ്മുടെ ആദ്യത്തെ രണ്ടു പിതാക്കന്മാരും ഉൾപ്പെടും.

രൂപതയുടെ ആദ്യത്തെ മെത്രാനായ അഭിവന്ദ്യ ബെനവന്തൂര അരാന പിതാവ് 1896 ജൂലൈ 7-ാം തീയതി തന്റെ നേവഷ്യേറ്റ് പരിശീലനം ആരംഭിച്ചത് ഈ കർമ്മലീത്ത ആശ്രമത്തിലായിരുന്നു. ഈ ആലയത്തിൽ ചേർന്നതിനു ശേഷമാണ് അദ്ദേഹം ഹുവാൻ വിസെന്തെ ആരാനാ എന്ന പേര് മാറ്റി ബൊനവെന്തൂരാ അരാന എന്ന നാമം സ്വീകരിച്ചത്. ഇവിടെ വച്ച് തന്നെയാണ് 1897 ജൂലൈ 10 ന് തന്റെ പ്രഥമ വ്രതവാഗ്ദാനം നടത്തിയതും.

അംബ്രോസ് അബസോളോ പിതാവ് 1914 മുതൽ 1918 വരെ വൈദിക പരിശീലനം നടത്തിയത് ഈ ആശ്രമത്തിലായിരുന്നു. ഇവിടെ നിന്നാണ് അദ്ദേഹം ലത്തീൻ, ഗണിതം എന്നീ വിഷയങ്ങൾ പരിശീലിച്ചത്. പിന്നീട് തുടർപഠനത്തിനായി അദ്ദേഹം 'വിയ ഫ്രാങ്ക' എന്ന സ്ഥലത്തെ ആശ്രമത്തിലേയ്ക്ക് പോയി, ആ ഭവനം ഇപ്പോൾ നിലവിലില്ല.

നമ്മുടെ രൂപതയും സ്പെയ്നിലെ കർമ്മലീത്താ മിഷനറിമാരുടെ കുടുംബങ്ങളുമായി ബന്ധം നിലനിർത്തുവാൻ, അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് രൂപതയിൽ നിന്നും വൈദികരെ അയക്കുന്നതിനായി ഫാ. ലൂയിസ് അറസ്റ്റഗി ഒ.സി.ഡി. എന്ന കർമ്മലീത്ത വൈദികനെ കണ്ടുമുട്ടുന്നതും ഈ ആശ്രമത്തിലാണ്.

മനോഹരമായ ഈ ആശ്രമ ദൈവാലയത്തിൽ വിജയപുരം രൂപതയുടെ ഇപ്പോഴത്തെ ഇടയൻ അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവ് രണ്ടു ദിവസങ്ങളിൽ ദിവ്യബലിയർപ്പിച്ചു. നമ്മുടെ ആദ്യത്തെ രണ്ടു പിതാക്കന്മാരും മിഷനറിമാരും തങ്ങളുടെ പ്രേഷിത സ്വപ്നങ്ങൾക്ക് ചിറകുകൾ കൊടുത്ത ഇടമാണിത്. അവർ ജീവിച്ച വിശ്വാസവെളിച്ചത്തിന് പ്രഭയും കരുത്തുമേകാൻ ഈ ദൈവാലയവും ആശ്രമവും വലിയ പങ്കുവഹിച്ചിട്ടുണ്ട്. ദീർഘനേരം അവർ പ്രാർത്ഥനയിൽ ചെലവിട്ട ഈ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചപ്പോൾ അവരുടെ ആത്മാവിനു വേണ്ടി പ്രാർത്ഥിക്കുകയും അവരുടെ ജീവിതത്തെ ഓർത്ത് ദൈവത്തിന് നന്ദി അർപ്പിക്കുകയും ചെയ്തു.

ഈ ആശ്രമത്തിന്റെ പൊതു സെമിത്തേരിയിലാണ് അബ്രോസ്




അബസോളോ പിതാവ് അന്ത്യവിശ്രമം കൊള്ളുന്നത്. അഭിവന്ദ്യ പിതാവ് സെമിത്തേരി സന്ദർശിക്കുകയും മലയാള ഭാഷയിൽ ഒപ്പീസ് ചൊല്ലുകയും ചെയ്തു. അംബ്രോസ് പിതാവിന്റെ സഹോദരന്റെ മകൻ ഹേസൂസ് മരിയായും, മകൾ ബെഗോഞ്ഞയും ഈ യാത്രയിൽ കൂടെയുണ്ടായിരുന്നു. അവർ താമസിക്കുന്നത് ഈ ലറേയ ആശ്രമ ത്തിന് അടുത്താണ്. ഇപ്പോഴത്തെ ആശ്രമവാസികളായ കർമ്മലീത്ത വൈദികർക്കൊപ്പമുള്ള സംഭാഷണത്തിൽ ലറേയ ആശ്രമവും വിജയപുരം രൂപതയും തമ്മിലുള്ള ബന്ധത്തെ കുറിച്ച് സംസാരിക്കുകയും ചെയ്ത ശേഷമാണ് പിതാവ് 'അമോറേബിയെത്ത' ഗ്രാമത്തോട് യാത്ര പറഞ്ഞത്.

### 2. 'നവാസ്'എന്ന ഗ്രാമം: ഒരു വലിയ മിഷനറിയുടെ വീട്ടിലേക്കുള്ള മടക്കം

'നവാര' പ്രവിശ്യയിലെ 'പാംപ്ളോണ' പട്ടണത്തിനു സമീപമുള്ള ഒരു കൊച്ചുഗ്രാമമാണ് 'നവാസ്'. ഗ്രാമത്തിന്റെ ഏറ്റവും നടുക്ക് ഉയരത്തി ലായി മനോഹരമായ ഇടവക ദൈവാലയം സ്ഥിതി ചെയ്യുന്നു. നമ്മുടെ രൂപതയുടെ വൈദിക പരിശീലനത്തിന്റെ തുടക്കക്കാരനും മലയാള ക്കരയുടെ കരിസ്മാറ്റിക് പ്രവർത്തനങ്ങളുടെ അമരക്കാരനുമായ ഫാ.

മർസെലിനോ ഇറാഗൂയിയുടെ ജന്മദേശമാണിത്.

മാർസെലിനോ ഇറാഗി റെഡിൻ എന്നായിരുന്നു 1927 മാർച്ച് പത്താം തീയതിജനിച്ച അദ്ദേഹത്തിന്റെ പൂർണ്ണനാമം. . മാർസെലിനോ അമീറ്റ് ഭവനം വിശ്വാസ ജീവിതത്തിന്റെ ഉത്തമമായ ഇടമായിരുന്നു അതിനാലാണ് അച്ചന്റെ രണ്ട് സഹോദരങ്ങൾ കർമലീത്ത വൈദികരാകുകയും ഒരൊളാണ് രൂപതാവൈദികനാകുകയും ഒരു സഹോദരി സന്യാസജീവിതം സ്വീകരിക്കുകയും ചെയ്തത്. അങ്ങനെ വൈദിക-സന്യാസ ദൈവവിളികളുടെ വിളനിലമായി ആ ഭവനം മാറി.

തന്റെ വൈദിക പരിശീലനത്തിന്റെ ആദ്യഘട്ടം മേൽ സൂചിപ്പിച്ച ലറേയയിലെ കർമലീത്ത ആശ്രമത്തിൽ ആയിരുന്നു. വൈദികനായപ്പോൾ വിശുദ്ധ കുരിശിന്റെ മാർസെലിനോ എന്ന പേര് സ്വീകരിച്ചു. വ്രതവാഗ്ദാനങ്ങൾക്കു ശേഷം 1949-ൽ 22-ാമത്തെ വയസ്സിൽ ഒരു വൈദികാർത്ഥിയായിരിക്കെ തന്നെ അദ്ദേഹം കേരളക്കരയിലെത്തി. 1951 മാർച്ച് പന്ത്രണ്ടാം തീയതി വൈദികപട്ടം സ്വീകരിക്കുകയും ആലുവ സെമിനാരിയിൽ അധ്യാപകനായി തന്റെ വൈദിക ജീവിതം ആരംഭിക്കുകയും ചെയ്തു. തിരുപ്പട്ടം സ്വീകരിച്ച അന്നുതന്നെ സ്പെയിനിൽ നിന്നും ഒരു കത്ത് വന്നു. തന്റെ പിതാവ് മരണമടഞ്ഞെന്ന വാർത്ത ആയിരുന്നു അതിന്റെ ഉള്ളടക്കം. തന്റെ പ്രഥമ ദിവ്യബലിയർപ്പണം അപ്പന്റെ ആത്മാവിന് വേണ്ടിയായിരുന്നു. 1951 മുതൽ 1980 വരെയുള്ള കാലഘട്ടത്തിലാണ് അദ്ദേഹം സെമിനാരിയിൽ അധ്യാപകനായി സേവനം ചെയ്തത്. ഇതിനിടയിൽ തിയോളജിയിൽ ലൈഷ്യൻഷേറ്റ് കരസ്ഥമാക്കി. നീണ്ട 35 വർഷമാണ് അദ്ദേഹം കേരളത്തിൽ തന്റെ മിഷനറി ജീവിതം സമർപ്പിച്ചത്. അതിനിടയിൽ നമ്മുടെ രൂപതയിൽ



പ്രവർത്തിക്കുകയും വൈദികപരിശീലനത്തിൽ സഹായിക്കുകയും ചെയ്തു. കരിസ്മാറ്റിക് പ്രവർത്തനങ്ങളുടെ തുടക്കകാലത്ത് ഒരു ഗിറ്റാറുമായി നാട് തോറും ദൈവവചനം പ്രസംഗിച്ചും ഗാനങ്ങൾ ആലപിച്ചും ജനങ്ങളെ സ്നേഹത്തിലേക്ക് അടുപ്പിക്കുവാൻ തീക്ഷ്ണതയോടെ ഓടിനടന്നു. പ്രസംഗങ്ങളിലൂടെയും ഗാനങ്ങളിലൂടെയും എഴുത്തിലൂടെയും ദൈവസ്നേഹം മനുഷ്യഹൃദയങ്ങളിലേക്ക് ചൊരിഞ്ഞു. 1984-ൽ അദ്ദേഹം സ്പെയിനിലേക്ക് മടങ്ങിയ ഈ വലിയ മിഷനറി 2023 ലാണ് ദൈവപിതാവിന്റെ ഭവനത്തിലേക്ക് പോയത്.

ഇങ്ങനെ ഒരു മിഷണറിക്ക് ജന്മം നൽകിയ ഭവനത്തിലേക്കും ഗ്രാമത്തിലേക്കുമാണ് വിജയപുരം രൂപതയുടെ ഇടയൻ കടന്നുചെന്നത്. ആ ഗ്രാമത്തിന്റെ പാരമ്പര്യമനുസരിച്ച് ദൈവാലയമണികൾ മുഴക്കി അവർ പിതാവിനെ സ്വീകരിച്ചു. അച്ചന്റെ കുടുംബാംഗങ്ങളും ഇടവക വികാരിയും സന്നിഹിതരായിരുന്നു. മർസെലിനോ തന്റെ കുട്ടിക്കാലത്ത് മാതാപിതാക്കളോടും സഹോദരങ്ങളോടും ഒപ്പം ഓടി അണഞ്ഞിരുന്ന ഇടവക ദേവാലയത്തിൽ അദ്ദേഹത്തിന്റെ മാതൃഭാഷയായ സ്പാനിഷിലും മിഷനറി ജീവിതം സമർപ്പിച്ച നാടിന്റെ ഭാഷയായ മലയാളത്തിലും പ്രാർത്ഥനകൾ ഉയർന്നു. പ്രാർത്ഥനകൾക്ക് അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവ് നേതൃത്വം നൽകി. പ്രാർഥനയ്ക്കിടയിൽ അഭിവന്ദ്യ പിതാവ് മർസെലിനോ അച്ചന്റെ വിശ്വാസ ധീരതയും ജീവിതസമർപ്പണവും അനുസ്മരിക്കുകയും കുടുംബാംഗങ്ങൾക്കും ആ നാടിനും നന്ദി അർപ്പിക്കുകയും ചെയ്തു. തുടർന്ന് ഇടവക ദൈവാലയത്തിന്റെ സമീപത്തുള്ള അദ്ദേഹം ജനിച്ച ഭവനം സന്ദർശിക്കുകയും കുടുംബാംഗങ്ങൾ അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകൾ പങ്കിടുകയും



ചെയ്തു. ഇതെല്ലാം വീക്ഷിച്ചുകൊണ്ട് ആ മഹാമിഷനറിയുടെ ആത്മാവ് ദൈവസന്നിധിയിൽ സന്തോഷത്താൽ ദൈവസ്തുതി ഗീതങ്ങൾ ആലപിക്കുന്നുണ്ടാവും.

### 3. മാഡ്രിഡിലുള്ള സെറോ ഡി ലോസ് ആംഗലസ് (Cerro de los angeles): ആത്മീയനിശബ്ദതയുടെ സൗന്ദര്യം പരിചയപ്പെടുത്തിയ ഇടം

കോട്ടയത്തെ കീഴ്ക്കുന്നിലുള്ള മിണ്ടാമഠവും സ്പെയിനിന്റെ തലസ്ഥാനമായ മാഡ്രിഡിലുള്ള സെറോ ഡി ലോസ് ആംഗലസ് (Cerro de los angeles) മിണ്ടാമഠവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ഇവിടെ നിന്നാണ് 1933 സെപ്റ്റംബർ മാസം പതിമൂന്നാം തീയതി 8 കർമ്മലീത്ത സന്യാസിനികൾ വിജയപുരം രൂപതയിൽ ആത്മീയ നിശബ്ദതയുടെ പ്രാർഥനാസാന്നിധ്യമായി മാറുവാനായി പുറപ്പെട്ടത്.

വിജയപുരം രൂപതയുടെ മെത്രാൻ സ്ഥാനമേറ്റെടുത്ത മോൺസിഞ്ഞോർ ബെനവന്തൂരായുടെ ആദ്യത്തെ ആഗ്രഹം തന്റെ രൂപതയിൽ ഒരു കർമ്മലീത്ത മിണ്ടാമഠം സ്ഥാപിക്കണം എന്നതായിരുന്നു. ഇത് വരാപ്പുഴ മിഷനിൽ ഉണ്ടായിരുന്ന തന്റെ പൂർവികരുടെ ആഗ്രഹത്തിന്റെ തുടർച്ചയായിരുന്നു.

പുതിയതായി രൂപം കൊണ്ട ഒരു രൂപതയിൽ അനേകം കാര്യങ്ങൾ ചെയ്യാനുള്ളപ്പോൾ. ഒരു മിണ്ടാമഠം സ്ഥാപിക്കുക എന്ന ആഗ്രഹം ചിലപ്പോൾ വിചിത്രമായി നമുക്ക് തോന്നിയേക്കാം. എന്നാൽ ഈ ആഗ്രഹവും തീരുമാനവും ദൈവഹിതം ആരാഞ്ഞതിന്റെയും അതിന് പൂർണ്ണമായി സമർപ്പിച്ചതിന്റെയും ഫലമായി രൂപപ്പെട്ടതായിരുന്നു.

തനിക്ക് ഒത്തിരി പ്രാർഥനയുടെ ആവശ്യമുണ്ട് എന്ന ബൊനവന്തൂര പിതാവ് ചിന്തിച്ചു. പ്രത്യേകിച്ച് ഈ രൂപതയുടെ വളർച്ചയ്ക്കും നിരവധിയായ ആവശ്യങ്ങൾക്കും അനേകം പേർ വിശ്വാസത്തിലേക്കു കടന്നു വരുന്നതിനും, വിശ്വാസസമൂഹത്തിന്റെ വളർച്ചയ്ക്കും ശക്തമായ പ്രാർഥന ആവശ്യമാണെന്ന് അദ്ദേഹം അടിയുറച്ചു വിശ്വസിച്ചു. തന്നെ ഏൽപ്പിച്ചിരിക്കുന്ന അജഗണത്തിന്റെ വിശുദ്ധീകരണത്തിനായി രാത്രിയും പകലും ഇടവിടാതെ തങ്ങളുടെ ജീവിതം പ്രാർഥനയ്ക്കായി സമർപ്പിച്ചിരിക്കുന്ന സന്യാസിനികളുടെ മിണ്ടാമഠം സ്ഥാപിക്കുക എന്നതിനെക്കാൾ ഉചിതമായി മറ്റൊന്നുമില്ല എന്ന് പിതാവ് ഉറപ്പിച്ചു.

ഈ തീരുമാനത്തോടെയാണ് അദ്ദേഹം തന്റെ യൂറോപ്യൻ യാത്ര ആസൂത്രണം ചെയ്തത്. 28 വർഷം മിഷനറിയായി തന്റെ ജന്മദേശം വിട്ട് സേവനം ചെയ്തതിനുശേഷമുള്ള ആദ്യത്തെ യൂറോപ്യൻ യാത്രയായിരുന്നു അത്. 1932 മെയ് 13ന് പരിശുദ്ധ പിതാവുമായിട്ടുള്ള പ്രത്യേക കൂടിക്കാഴ്ച്ചാവേളയിൽ ഒരു ദൈവീകവെളിപാട് ലഭിച്ച പോലെ പിതാവ് ഇപ്രകാരം ചോദിച്ചു: "പുതുതായി ആരംഭിച്ച രൂപതയിൽ കർമലീത്ത സഹോദരിമാരുടെ മിണ്ടാമഠം ഉണ്ടോ "?.

"പിതാവേ, ഇതുവരെയും ഇല്ല. പക്ഷേ, ഒരു മിണ്ടാമഠം ഉണ്ടാവുകയെന്നത് എന്റെ ഏറ്റവും വലിയ ആഗ്രഹങ്ങളിൽ ഒന്നാണ്. ഈ ആഗ്രഹം അങ്ങയുടെ കരങ്ങളിൽ അർപ്പിക്കുന്നു".മോൺസിഞ്ഞോർ ബെനവന്തൂരാ മറുപടി പറഞ്ഞു. ഇതുകേട്ട പരിശുദ്ധ പിതാവ് മിണ്ടാമഠം ആരംഭിക്കുവാൻ അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുകയും തന്റെ ആശീർവാദം നൽകുകയും ചെയ്തു.

പരിശുദ്ധ പിതാവിന്റെ പ്രോത്സാഹനവും ആശീർവാദവും ലഭിച്ച പിതാവിന് തന്റെ ആഗ്രഹം ദൈവിക പദ്ധതി പ്രകാരമാണെന്നതിന് ഒട്ടും സംശയം ഉണ്ടായില്ല.

രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ ഈ ആഗ്രഹസാഫല്യത്തിന് ആവശ്യമായിരുന്നു. കർമ്മലീത്ത മിണ്ടാമഠം ആരംഭിക്കുവാനായി ഈ മണ്ണിലേക്ക് കടന്നു വരാൻ സന്നദ്ധതയുള്ള കർമ്മലീത്ത സന്യാസിനിമാരുടെ ഒരു സമൂഹവും, പുതിയൊരു മഠം സ്ഥാപിക്കുവാൻ ആവശ്യമായ സാമ്പത്തിക പിൻബലവും.

കർമ്മലീത്ത സന്യാസിനിമാരുടെ സമൂഹത്തെ ലഭിക്കാനായി അദ്ദേഹത്തിന് അധികം അധ്വാനിക്കേണ്ടി വന്നില്ല. കാരണം അത്ര ശക്തമായ മിഷണറി ചൈതന്യമുള്ള സമൂഹമായിരുന്നു അമ്മത്രേസ്യായുടെ ആത്മീയതയിൽ വളർന്നുവന്ന കർമ്മലീത്ത സന്യാസിനി സമൂഹങ്ങൾ. ഒടുവിൽ, മാഡ്രിഡിലുള്ള സെറോ ഡി ലോസ് ആംഗലസ് (Cerro de los angeles) കർമ്മലീത്ത സന്യാസിനി സമൂഹത്തെ തെരഞ്ഞെടുക്കാമെന്ന് അദ്ദേഹം ഉറപ്പിച്ചു. ഇത് സന്യാസിനിമാർക്ക് അതിരില്ലാത്ത ആനന്ദത്തിനു വക നൽകി. ഇതാണ് നമ്മുടെ രൂപതയിൽ പ്രാർത്ഥനയുടെ ശക്തികേന്ദ്രമായി ഇപ്പോഴും നിലകൊള്ളുന്ന കോട്ടയത്തുള്ള മിണ്ടാമഠത്തിന്റെ ചരിത്രവഴി. കോട്ടയത്തെ മിണ്ടാമഠത്തിലെ സ്പാനീഷ് സന്യാസിനികളിൽ ചിലരാണ് പിന്നീട് തിരുവല്ലായിലെ മിണ്ടാമഠത്തിന് തുടക്കമിട്ടത്.

ബെനവന്തൂരാ പിതാവിനുശേഷം മാഡ്രിഡിലുള്ള സെറോ ഡി ലോസ് ആംഗലസ് (Cerro de los angeles) സന്ദർശിക്കുന്ന വിജയപുരത്തിന്റെ മെത്രാൻ അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവായിരിക്കും. കോട്ടയത്തെ മിണ്ടാമഠത്തിന്റെ നവതിയും (90 വർഷം) തിരുവല്ല മിണ്ടാമഠത്തിന്റെ പ്ലാറ്റിനം (75 വർഷം) ജൂബിലിയും ആഘോഷിക്കുന്ന വേളയിൽ ഈ സന്ദർശനവും നടന്നത് ദൈവപരിപാലനയായി കരുതണം. ഒരു നൂറ്റാണ്ടിനടുത്ത് ഈ സന്യാസിനികൾ നിശബ്ദതയിൽ രൂപതയ്ക്കും രൂപതാ മക്കൾക്കും വേണ്ടി പ്രാർത്ഥനയുടെ തിരിനാളമായി തീരുന്നതിന്റെ കൃതജ്ഞത പ്രകടനമായി അഭിവന്ദ്യപിതാവിന്റെ സന്ദർശനത്തെ വായിച്ചെടുക്കാം. പിതാവ് മദറുമായി സംസാരിക്കുകയും രൂപതയിൽ സന്യാസിനികൾ ചെയ്യുന്ന നിശബ്ദ സേവനത്തെ കൃതജ്ഞതയോടെ സ്മരിക്കുകയും ചെയ്തു. സന്ദർശമുറി അറ്റകുറ്റപ്പണികൾക്കായി അടച്ചിട്ടിരുന്നതിനാൽ സന്ദർശകരെ കേൾക്കുന്ന ഇടത്തുവച്ചാണ് പിതാവ് മദറുമായി സംസാരിച്ചത്. നേരിട്ട് കാണുവാൻ സാധിച്ചില്ലെങ്കിലും വർഷങ്ങൾക്ക് ശേഷം തങ്ങളുടെ സന്യാ



സിനിമാർ യാത്ര പറഞ്ഞിറങ്ങിയ മഠത്തിലേക്ക് നന്ദി അർപ്പിക്കുവാൻ എത്തിയ പിതാവിനോട് ഇപ്പോഴത്തെ മദർ ലൂർദ് നന്ദി അർപ്പിക്കുകയും വിജയപുരം രൂപതയുടെയും രൂപതയിലെ മിണ്ടാമഠങ്ങളുടെയും വിശേഷങ്ങൾ ചോദിച്ചറിയുകയും ചെയ്തു . തുടർന്ന് സന്യാസഭവനത്തോട് ചേർന്നുള്ള ബസിലിക്കയിൽ പിതാവ് ദിവ്യബലി അർപ്പിക്കുകയും, ഈ യാത്രയിൽ ഉടനീളം ദൈവം നൽകിയ സംരക്ഷണത്തിനും അനുഗ്രഹങ്ങൾക്കും നന്ദി പറയുകയും ചെയ്തു.

കർമ്മലീത്ത നവാര പ്രോവിൻസിന്റെ കേന്ദ്രമായ പ്രോവിൻഷ്യൽ ഹൗസ് സ്ഥിതി ചെയ്യുന്ന 'വിത്തോറിയ' എന്ന സ്ഥലവും ഈ യാത്രയുടെ ഭാഗമായിരുന്നു അഭി. പിതാവ് ഇപ്പോഴത്തെ പ്രോവിൻഷ്യാൽ ഫാ. ജോൺ കോർത്ത OCDയെ സന്ദർശിക്കുകയും മിഷനറിമാർ നമ്മുടെ രൂപതയിൽ ചെയ്ത സേവനങ്ങളെ നന്ദിയോടെ സ്മരിക്കുകയും ചെയ്തു. ഈ പട്ടണത്തിലാണ് ബെനവന്തൂരാ പിതാവിന്റെ സഹോദരപുത്രി മേർസിഡാരിയാസ്' സന്യാസിനി സമൂഹ അംഗമായ സിസ്റ്റർ ഹൂലിയാനയുള്ളത്. 'തന്റെ 91-ാം വയസ്സിലും ബെനവന്തൂരാ പിതാവിനെ കുറിച്ചുള്ള ഓർമകളും നമ്മുടെ രൂപതയോടുള്ള സ്നേഹവും മങ്ങലേൽക്കാതെ കാത്തു സൂക്ഷിക്കുന്നു. അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവ് സിസ്റ്ററെ സന്ദർശിച്ചപ്പോൾ കുടുംബാംഗങ്ങളും അവിടെ സന്നിഹിതരായിരുന്നു. ഈ കൂടിക്കാഴ്ചകളും ഈ യാത്രയ്ക്ക് നിറമേകി.

വർഷങ്ങൾക്കു മുമ്പ് ക്രിസ്തു സ്നേഹത്തെ പ്രതി തങ്ങളുടെ നാടും വീടും ഉപേക്ഷിച്ച് നമ്മുടെ നാടിനുവേണ്ടി ജീവിതം സമർപ്പിച്ച കർമ്മലീത്ത മിഷനറി വൈദികരുടെയും സന്യാസിനികളുടെയും ഓർമ്മകൾ സജീവ മാവുകയാണ്. ഇത് അവർ കൊളുത്തിയ വിശ്വാസദീപത്തെ കെടാതെ സൂക്ഷിക്കാനുള്ള ഓർമ്മപ്പെടുത്തലും മറ്റുള്ളവർക്കുള്ള ഉണർത്തുപാട്ടു മാണ് നമ്മുടെ രൂപതയുടെ വിശ്വാസ അടിത്തറയ്ക്ക് കാരണമായ അനേകം മിഷനറിമാരുടെ ഓർമ്മയ്ക്കു മുമ്പിൽ കൂപ്പുകരങ്ങളോടെ.

സ്പെയിനിൽ നിന്നും,

**ഫാ. അജിത് കണിയാന്തറ,**
**ഫാ. അനോഷ് അബ്രഹാം,** പൂവക്കാട്ട്തറപ്പിൽ

---



ചീന്തലാർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ മതബോധനം 2024-25 അധ്യയന വർഷത്തെ പ്രവേശനോത്സവം




ചീന്തലാർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ 2024-25 അധ്യയന വർഷത്തെ മതബോധന ക്ലാസുകൾക്ക് മുന്നോടിയായി അധ്യാപകർക്കും മാതാപിതാക്കൾ ക്കുമായി മുന്നൊരുക്ക ക്ലാസ്. ആലപ്പുഴ രൂപതയിൽ 2016-ലെ മികച്ച മതാധ്യപകൻ അവാർഡ് കരസ്ഥമാക്കിയ ശ്രീ. ലാലു മലയിൽ ക്ലാസ് നയിച്ചു.

## പരേതരെ സ്മരിക്കാം

ജൂലൈ

| | | |
|---|---|---|
| 01 | (1955) | ഫാ. ജോസഫ് മുണ്ടഞ്ചേരി |
| 03. | (2000) | ഫാ. ജോൺ തട്ടാരടി |
| 09. | (1955) | ഫാ. സിൽവേരിയോ ഒ.സി.ഡി. |
| 10. | (1979) | ഫാ. ഡാനിയേൽ ഒ.സി.ഡി. |
| 12. | (1941) | ഫാ. ഫ്രാൻസിസ് ഒ.സി.ഡി. |
| 13. | (1997) | ഫാ. ജോസഫ് ഇല്ലിമൂട്ടിൽ |
| 20. | (2012) | ഫാ. പീറ്റർ എസ്. ഡിക്രൂസ് |
| 23. | (2006) | ഫാ. ജോസഫ് എം.ഡി. അൽമെയ്ഡ |
| 24. | (1989) | ഫാ. അൽഫോൻസ് മേരി ഒ.സി.ഡി. |
| 24. | (1995) | ഫാ. നെമേസിയൂസ് ഒ.സി.സി. |
| 31. | (2010) | ഫാ. അഗസ്റ്റിൻ മുണ്ടുവാലയിൽ |



## ജന്മദിനാശംസകൾ




| | |
|---|---|
| 05 | ഫാ. ഏബ്രഹാം കാളിയത്ത് |
| 09 | ഫാ. ജോയി കൊളത്താടി |
| 11 | ഫാ. പീറ്റർ മാതിരപ്പള്ളി |
| 11 | ഫാ. ആന്റണി കൊച്ചുപാറയ്ക്കൽ |
| 12 | ഫാ. നെൽസൺ പുളിക്കൽ ഒ.സി.ഡി. |
| 12 | മോൺ ഹെൻറി കൊച്ചുപറമ്പിൽ |
| 15. | ഫാ. ജോസഫ് കളത്തിൽ |
| 16. | ഫാ. ആന്റണി കനകമംഗലം |
| 17. | ഫാ. സെബാസ്റ്റ്യൻ ഓലിക്കര |
| 17. | ഫാ. വർഗ്ഗീസ് (ബോബി) പാറപ്പറമ്പിൽ |
| 25. | ഫാ. സണ്ണി ഇല്ലിക്കൽ എച്ച്.ജി.എൻ |
| 26. | ഫാ. ജോസ് കാടൻതുരുത്തേൽ |
| 26. | ഫാ. ജോസഫ് ആവരവിള |
| 27. | ഫാ. മാത്യു ഒഴത്തിൽ |
| 28. | ഫാ. തോമസ് വെളിപ്പറമ്പിൽ |



ജൂലൈ



# യുവജനം സഭയുടെ ഭാവി

ഫാ. ജോസഫ് തറയിൽ

"വിശ്വാസ ചൈതന്യത്തിനുള്ള നേതൃത്വം" എന്ന ആദർശവാക്യം വച്ചുകൊണ്ട് 2024 കേരള കത്തോലിക്ക സഭ യുവജനവർഷമായി ആഘോഷിക്കുകയാണല്ലോ. കത്തോലിക്ക യുവജനപ്രസ്ഥാനത്തിന്റെ തന്നെ ലക്ഷ്യം വിശ്വാസത്തിലും ആത്മീയതയിലും യുവജനങ്ങളെ പങ്കാളികളാക്കുക, അവരുടെ ഭൗതിക വളർച്ചക്കൊപ്പംതന്നെ ഒരിക്കലും സുവിശേഷം അറിയാത്ത ബഹുഭൂരിപക്ഷം വരുന്ന ജനതകളിലേയ്ക്കും യേശുവിനെ അറിയിക്കുക എന്നുള്ളതാണ്.

യുവജനപ്രസ്ഥാനങ്ങൾ വഴിയും കുടുംബകൂട്ടായ്മകൾ വഴിയും നാം ഈ വർഷം പ്രത്യേകമായ രീതിയിൽ യുവജനങ്ങളെ ശക്തികരിക്കുവാനുള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. സ്വദേശത്തും, വിദേശത്തുമുള്ള കത്തോലിക്ക യുവജനങ്ങളെ ഏകോപിപ്പിക്കുവാൻ സോഷ്യൽ മീഡിയയുടെ വലിയ സൗകര്യവും നാം ഉപയോഗിക്കുന്നു. വാട്സ്സപ്പ്വഴി കുടുംബകൂട്ടായ്മ അടിസ്ഥാനത്തിൽ യുവജനങ്ങളെ സംഘടിപ്പിക്കുകയും അവർക്ക് ജീവിത വിജയത്തിന് ബോധവത്ക്കരണം നൽകുകയും പ്രോഗാം സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. യുവജനങ്ങൾ നേരായമാർഗത്തിൽ ചരിക്കുവാൻ അവരെ ബോധ്യപ്പെടുത്തുകയും വ്യക്തിപരവും, സാമൂഹികവും, സഭാപരവുമായുള്ള നന്മകൾ ലക്ഷ്യംവച്ച്കൊണ്ട് യുവജനങ്ങളെ രൂപീകരിക്കുവാൻ നാം ശ്രദ്ധിക്കേണ്ടതാണ്.

ദൈവവചനത്തോടും, യേശുവിനോടും വ്യക്തിപരമായ ബന്ധം യുവജനങ്ങളിൽ വളർത്തി അവരെ സഭയ്ക്കും സമൂഹത്തിനും നന്മ ചെയ്യുന്നവരാക്കി മാറ്റണം. സഭയുടെ വളർച്ചയ്ക്കും വിശ്വാസികളുടെ പരിപോഷണത്തിനും, യുവജനങ്ങളെ ഒരുക്കേണ്ടത് സഭയുടെ എക്കാലത്തെയും ആവശ്യമാണ്. യുവജനങ്ങളുടെയിടയിലുള്ള ശുശ്രൂഷ അവരെ ഭാവി നേതൃത്വത്തിൽ വളർത്തുക എന്നുമാത്രമല്ല, അവരെ സഭയുടെ നന്മയ്ക്കായി സർവ്വാത്മന സഹകരിക്കുന്നവരായി മാറ്റിയെടുക്കേണ്ടതും ആവശ്യമാണ്. വി. തീമോത്തിയെ എഫിഷ്യനസ് സഭയിലെ ശുശ്രൂഷയ്ക്കായി ദൈവം നിയോഗിക്കുന്നു. ആരും നിന്റെ പ്രായക്കുറവിന്റെ പേരിൽ നിന്നെ അവഗണിക്കാൻ ഇടയാകരുത്. വാക്കുകളിലും

പെരുമാറ്റത്തിലും, സ്നേഹത്തിലും, വിശ്വാസത്തിലും വിശുദ്ധിയിലും നീ വിശ്വാസികൾക്കു മാതൃകയായിരിക്കുക. (1 തിമോത്തി 4: 12). മത്തായിയുടെ സുവിശേഷത്തിന്റെ 18: 2–4 അടിസ്ഥാനത്തിൽ ദൈവത്തിന്റെ ഹൃദയത്തിൽ യുവജനങ്ങൾക്ക് പ്രത്യേക പരിഗണന നമുക്ക് കാണാൻ സാധിക്കും.

സഭ യുവജനങ്ങളുടെ പ്രാധാന്യവും, മൂല്യവും പ്രത്യേകം മനസിലാക്കേണ്ടതാണ്. മാമോദീസ വഴിയായി ഓരോ ക്രിസ്തുശിഷ്യനും പ്രേഷിതനായി തീരുന്നു. ഫ്രാൻസിസ് പാപ്പ യുവജനങ്ങളോട് പറയുന്നു. "മറ്റുള്ളവരുടെ സങ്കടങ്ങൾ കാണുമ്പോൾ കരയാൻ നിങ്ങൾക്ക് കഴിയുമോ?' "ഓരോ വിശ്വാസിയും വീഴുന്നിടത്ത് സഭയാണ് വീഴുന്നത്. ഓരോ വിശ്വാസിയും, ഉയിർക്കുന്നിടത്ത്" സഭയാണ് ഉയിർത്ത് എഴുന്നേൽക്കുന്നത്. അതുകൊണ്ട് എല്ലാവിധത്തിലുള്ള നിരാശകളിലും ദുഃഖത്തിലും നിന്ന് ഉണർന്ന് എഴുന്നേൽക്കുവാൻ എല്ലാവരെയും പ്രേരിപ്പിക്കുന്ന മനസ്സുള്ളവരായി മാറാൻ ഫ്രാൻസിസ് പാപ്പ ആവശ്യപ്പെടുന്നു.

ഒരു വ്യക്തിയുടെ ഏറ്റവും മനോധൈര്യമുള്ള സമയം അവരുടെ യൗവ്വനമാണ്. ഒരു വ്യക്തിയുടെ ഭാവി നിർണ്ണയിക്കുന്ന കാലഘട്ടമാണിത്. മാതാപിതാക്കൾ കുട്ടികളുടെ ഈ കാലഘട്ടംവരെ അവരെ പ്രത്യേകമായി സംരക്ഷിച്ച് വിദ്യാഭ്യാസവും, ജീവിതലക്ഷ്യവും ഉള്ളവരാക്കി മാറ്റണം. അല്ലാത്തപക്ഷം ഒരു ദരിദ്ര കുടുംബത്തേക്കൂടി സമൂഹത്തിൽ സൃഷ്ടിക്കുകയാവും ചെയ്യുന്നത്.

ജീവിതത്തിൽ വിജയിച്ച നിരവധി വ്യക്തികളെ നമുക്ക് ബൈബിളിൽ കണ്ടെത്താൻ സാധിക്കും. ജീവിതത്തിൽ എപ്പോഴും ദൈവത്തോട് വിശ്വസ്തനായിരിക്കുന്നവൻ ജീവിതവിജയത്തിൽ എത്തുകയും അനേകർക്ക് അനുഗ്രഹമായി മാറുകയും ചെയ്യും.

## വിജയപുരം രൂപത കോട്ടയം മേഖല
# തിരുബാലസഖ്യസംഗമം

വിജയപുരം രൂപത കോട്ടയം മേഖല തിരുബാലസഖ്യ സംഗമം കോട്ടയം നല്ലയിടയൻ ദേവാലയത്തിൽ വച്ചു നടത്തപ്പെട്ടു.14 ഇടവകകളിൽ നിന്നായി ഇരുന്നൂറ്റി മുപ്പത് കുട്ടികൾ പങ്കെടുത്തു. വിജയപുരം സഹായ മെത്രാനും തിരുബാലസഖ്യത്തിന്റെ രൂപത കോർഡിനേറ്ററുമായ അഭി. ജസ്റ്റിൻ അലക്സാണ്ടർ മഠത്തിൽപറമ്പിൽ പിതാവ് സംഗമം ഉദ്ഘാടനം ചെയ്തു. മേഖല കോർഡിനേറ്റർ റവ. ഫാ. ജോസഫ് മീനായിക്കോടത്ത്, റവ.ഫാ. അഗസ്റ്റിൻ മേച്ചേരിൽ, റവ. ഫാ. റൊണാൾഡ്, റവ. ഫാ. ജിസ്സ്. റവ. സി. ഏയ്ഞ്ചൽ, റവ. സി. ഗ്രേസ് എന്നിവർ സന്നിഹിതരായിരുന്നു. രാവിലെ ആരംഭിച്ച സംഗമം വൈകിട്ട് അവസാനിച്ചു. വിജയപുരം രൂപത, കോൺഗ്രിഗേഷൻ ഡോട്ടേഴ്സ് ഓഫ് ദി ഇമ്മാകുലേറ്റ് സന്യാസിനി സമൂഹമാണ് '**ജീസസ് ടീൻസ്**' എന്ന പേരിൽ സംഗമത്തിന് നേതൃത്വം നൽകിയത്.

# ഉണർവ് 2k24

കോട്ടയം കുറിച്ചി സെന്റ് സേവ്യഴ്സ് ഇടവകയിൽ **"ഉണർവ് 2k24"** മിഷൻലീഗ് സമ്മേളനം നടത്തപ്പെട്ടു. വിശുദ്ധ ബലിക്കുശേഷം നടന്ന ആഘോഷമായ പ്രേഷിത റാലി ശാഖ ഡയറക്ടർ ഫാ. ജോസഫ് തറയിൽ ഫ്ലാഗ് ഓഫ് ചെയ്തു, കോട്ടയം മേഖലയിലെ കൊച്ചുമിഷനറിമാർ പങ്കെടുത്തു.

രൂപത ഡയറക്ടർ ഫാ. മാത്യു ഒഴത്തിൽ, പ്രസിഡൻറ് ജിയോ പി വിൽഫ്രഡ്. എന്നിവർ പതാക ഉയർത്തി. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ രൂപത ചാൻസിലർ പെരിയ ബഹുമാനപ്പെട്ട ഡോ. ജോസ് നവസ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും 2024-25 വർഷത്തെ കർമ്മ പദ്ധതി "ഉണർവ് 2k24" പ്രവർത്തന സംഗ്രഹം പ്രകാശനം ചെയ്യുകയും ചെയ്തു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ചാൻസിലർ വൃക്ഷത്തൈ നടുകയും ചെയ്തു. കോട്ടയം മേഖലയിലെ 14 ഇടവകകളിൽ നിന്നുള്ള ആനിമേറ്റേഴ്സ് വൃക്ഷത്തൈ ഏറ്റുവാങ്ങി.. സമ്മേളനത്തിൽ കോട്ടയം മേഖല ഓർഗനൈസർ ശ്രീ ജിനു കുളത്തട്ടിൽ സ്വാഗതം ആശംസിച്ചു. രൂപത ഡയറക്ടർ ഫാ. മാത്യു ഒഴത്തിൽ ആമുഖ പ്രഭാഷണം നടത്തി.

രൂപത പ്രസിഡൻറ് ജിയോ പി വിൽഫ്രഡ് മീറ്റിങ്ങിന് അധ്യക്ഷത വഹിച്ചു മേഖല ഡയറക്ടർ ഫാ. ജോസഫ് മീനായിക്കോടത്ത്, ശാഖാ ഡയറക്ടർ ഫാ. ജോസഫ് തറയിൽ സംസ്ഥാന രൂപത വൈസ് ഡയറക്ടർ സിസ്റ്റർ മേരി ജൂലിയ, അസീസി കോൺവെൻറ് സുപ്പീരിയർ സിസ്റ്റർ സൂസൻ ആർ എഫ് ടി എസ്, എന്നിവർ ആശംസകൾ അറിയിച്ചു. "ഉണർവ് 2k24" "മിഷൻലീഗിനെ അറിയാൻ ഉണർവോടെ പ്രവർത്തിക്കാൻ" കുട്ടികൾക്കായുള്ള നേതൃത്വ പരിശീലന സെമിനാർ പാലാ രൂപത വൈസ് ഡയറക്ടർ സിസ്റ്റർ മോനിക്ക എസ് എച്ച് നയിച്ചു. കുറിച്ചി യൂണിറ്റിലെ മിഷൻലീഗ് അംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടിയോടെ പൊതുസമ്മേളനത്തിന് സമാപനം കുറിച്ചു. രൂപത വൈസ് പ്രസിഡന്റ് കുമാരി ഗ്ലോറിയ മേരി മാത്യു രൂപത ജനറൽ സെക്രട്ടറി സിന്റാ ഡെന്നീസ് ജനറൽ ഓർഗനൈസർ ശ്രീ അഭിജിത്ത് ജോൺസൺ, രൂപത മീഡിയ കോഡിനേറ്റർ ഫ്രാങ്ക്ലിൻ മിലൻ, കുറിച്ചി യൂണിറ്റ് ആനിമേറ്റർ ശ്രീമതി സോണിയ എന്നിവരും സന്നിഹിതരായിരുന്നു.



CML - 2024-25 പ്രവർത്തനവർഷ ഉദ്ഘാടനം പ്രൊപ്പോസ് സെന്റ് ജോസഫ് ഇടവകയിൽ

# വിജയപുരം രൂപത മതബോധന വാർഷികവും കെസിബിസി അവാർഡ് ദാനവും



കോട്ടയം വിമലഗിരി പാസ്റ്ററൽ സെന്ററിൽ വിജയപുരം രൂപത മതബോധന ദിനം ആചരിച്ചു. രൂപതയിലെ 84 ഇടവകകളിൽ നിന്നുള്ള മതാധ്യാപകർ പങ്കെടുത്തു. വിജയപുരം സഹായ മെത്രാൻ ഡോ.ജസ്റ്റിൻ മഠത്തിൽപറമ്പിൽ ഉത്ഘാടനം ചെയ്തു. കെസിബിസി യൂത്ത് കമ്മീഷൻ ഡയറക്ടർ ഫാ. സ്റ്റീഫൻ ചാലക്കര ക്ലാസ് നയിച്ചു. വിജയപുരം രൂപതയുടെ മതബോധന ഡയറക്ടർ ഫാ. വർഗീസ് കോട്ടയ്ക്കാട്ട് പ്രസംഗിച്ചു. ഉച്ചകഴിഞ്ഞ് കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ഫാ. ജേക്കബ് പാലാക്കപ്പള്ളിയുടെ അധ്യക്ഷതയിൽ അവാർഡ് ദാന സമ്മേളനം നടത്തി. ബിഷപ്പ് ഡോ.സെബാസ്റ്റ്യൻ തേക്കെതേച്ചേരിൽ കെസിബിസി ജേതാക്കളായ ഡോ. പി. സി. അനിയൻകുഞ്ഞ് (ചങ്ങനാശ്ശേരി), കെ.പി. ജോൺ(വിജയപുരം), എലിസബത്ത് വർഗീസ്(സുൽത്താൻ ബത്തേരി), എന്നിവർക്ക് മതബോധന അവാർഡുകൾ സമ്മാനിച്ചു. സഹായ മെത്രാൻ ഡോ.ജസ്റ്റിൻ മഠത്തിൽപറമ്പിൽ അനുമോദനങ്ങൾ അർപ്പിച്ചു. ചങ്ങനാശ്ശേരി/ബത്തേരി രൂപതാ മതബോധന ഡയറക്ടർമാർ, കെ. പി.ജോൺ, സി. മേരി ജൂലിയ എന്നിവർ പ്രസംഗിച്ചു.



CML-2024-25 പ്രവർത്തനവർഷ ഉദ്ഘാടനം മുണ്ടക്കയം സെന്റ് മേരീസ് ഇടവകയിൽ

# വിജയപുരം രൂപത പ്രവാസി കൂട്ടായ്മയുടെ 2024-2025 കർമ്മപദ്ധതി പ്രകാശനം

"വിമ-VIMA" (Vijayapuram International Migrants Association) യുടെ കർമ്മപദ്ധതി പ്രകാശനം 26/05/2024 ഞായറാഴ്ച ഇന്ത്യൻ സമയം രാത്രി 9.30 ന് അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിന്റെ നേതൃത്വത്തിൽ നടന്നു.

രൂപതയുടെ കീഴിലുള്ള തലയാർ സ്കൂളിലെ അതിഥി തൊഴിലാളികളുടെ 50 കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതും വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി കുട്ടികൾക്കായി നൽകുന്ന പഠന ഉപകരണ കിറ്റ് വിതരണവുമായി സഹകരിക്കുന്നതുമായ "കരുതൽ 2024" ന്റെ ഉദ്ഘാടനവും അഭിവന്ദ്യ പിതാവ് നിർവഹിച്ചു.

പ്രോഗ്രാം കമ്മിറ്റി കൺവീനർ ശ്രീമതി ബിൻസിയുടെ പ്രാർത്ഥനയോടെ ആരംഭിച്ച ഗൂഗിൾ ഓൺലൈൻ മീറ്റിംഗിൽ സെക്രട്ടറി ശ്രീ. ജോൺ സേവ്യർ സ്വാഗതം അർപ്പിച്ചു. VIMA പ്രസിഡന്റ് ശ്രീ. റെനി ജോർജ് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ പലവിധ പ്രശ്നങ്ങളിൽ അകപ്പെട്ട കൂട്ടായ്മ അംഗങ്ങളെ ഒത്തൊരുമയോടെ പലവിധത്തിൽ സഹായിച്ച അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് വീമയുടെ പ്രവർത്തനങ്ങളെക്കുറിച്ചും കൂട്ടായ്മയുടെ ആവശ്യകതയെക്കുറിച്ചും വിശദീകരിച്ചു.

"എല്ലാ പ്രവർത്തനങ്ങളുടെയും അടിസ്ഥാനം പ്രാർത്ഥനയായിരിക്കണമെന്ന്" അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവ് കർമ്മപദ്ധതിയുടെ പ്രകാശനം നടത്തിക്കൊണ്ട് കൂട്ടായ്മ അംഗങ്ങളെ ഓർമ്മപ്പെടുത്തുകയും, വീമയുടെ വാട്സ്ആപ്പ് കൂട്ടായ്മയിലൂടെ തുടർച്ചയായി 600 ദിവസം അനുദിനവചനം പങ്കുവെച്ചു നൽകിയ കൂട്ടായ്മയുടെ സ്പിരിച്വൽ മിനിസ്ട്രി അംഗങ്ങളെ അഭിനന്ദിക്കുകയും ചെയ്തു. കർമ്മ പദ്ധതികളുടെ വിശദീകരണം ശ്രീമതി ടിന്റുമോൾ തോബിയാസ് നിർവഹിച്ചു.

രൂപത മൈഗ്രൻസ് ഡയറക്ടർ ഫാ. ലിനൂസ് ബിവേരയും വീമയുടെ മുൻ പ്രസിഡന്റ് ശ്രീ. റാനോഷ് രാജനും കർമ്മ പദ്ധതികൾക്ക് ആശംസകൾ അർപ്പിക്കുകയും കൂട്ടായ്മ അംഗങ്ങൾ തങ്ങളുടെ പ്രവാസ ജീവിത അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. ജനറൽ സെക്രട്ടറി ശ്രീമതി ശാരി ജോമോൻ കൃതജ്ഞത അർപ്പിച്ചു. തുടർന്ന് അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിന്റെ ആശീർവാദത്തോടെ, മീറ്റിംഗ് അവസാനിച്ചു. വീമയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ പരിപാടികൾക്ക് നേതൃത്വം നൽകി.

# ഷൈനിങ് സ്റ്റാർസ് 2024



വിജയപുരം രൂപത വിദ്യാഭ്യാസ ശുശ്രൂഷ തിരുവല്ല മേഖല സമിതിയുടെ ആഭിമുഖ്യത്തിൽ 2023-2024 അധ്യയന വർഷത്തിൽ എസ്. എസ്.എൽ.സി, പ്ലസ് ടു പാസ്സായ കുട്ടികളെ ആദരിക്കാൻ **ഷൈനിങ് സ്റ്റാർസ് 2024** (മെറിറ്റ് ഡേ) ചങ്ങനാശേരി മേരി മൗണ്ട് ഇടവകയിൽ നടത്തപ്പെട്ടു.

രൂപത കോർപ്പറേറ്റ് മാനേജർ റവ.ഡോ. ആന്റണി പാട്ടപ്പറമ്പിൽ എസ്. എസ്.എൽ.സി യ്ക്കും പ്ലസ് ടു വിനും ശേഷമുള്ള സാധ്യതകളെക്കുറിച്ചു കുട്ടികളുമായി സംവദിച്ചു. പിന്നീട് നടന്ന പൊതുസമ്മേളനത്തിൽ തിരുവല്ല ഫൊറോനാ വികാരി റവ. ഫാ. സ്റ്റീഫൻ പുത്തൻപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. രൂപത കോർപ്പറേറ്റ് മാനേജർ റവ . ഡോ . ആന്റണി പാട്ടപ്പറമ്പിൽ ഷൈനിങ് സ്റ്റാർസ് 2024 ഉദ്ഘാടനം ചെയ്തു. ചങ്ങനാശേരി മേരി മൗണ്ട് ഇടവക വികാരി ബഹുമാനപ്പെട്ട ഫാ. മാത്യു ഒഴത്തിൽ, കോർ കമ്മറ്റി അംഗം ശ്രീ. വിജു വാലെവടക്കതിൽ, മെറിറ്റ് ഡേ പ്രോഗ്രാം ജനറൽ കോർഡിനേറ്റർ മിസ് ആഗ്നസ് ലോബോ എന്നിവർ കുട്ടികൾക്ക് ആശംസകളർപ്പിച്ചു. തുടർന്ന് എസ്.എസ്.എൽ.സി, പ്ലസ് ടു (സ്റ്റേറ്റ് സിലബസ്) എല്ലാവിഷയങ്ങൾക്കും എ പ്ലസ് നേടിയ കുട്ടികൾക്കും സിബിഎസ്ഇ 85% നു മുകളിൽ മാർക്ക് നേടിയ കുട്ടികൾക്കും മെമെന്റോ നൽകി ആദരിച്ചു. ഈ വർഷം എംജി യൂണിവേഴ്‌സിറ്റിയിൽ നിന്ന് BBA-യ്ക്ക് 3-ാം റാങ്ക് നേടിയ അലീന ബിജി അഗസ്റ്റിന് പ്രത്യേക ഉപഹാരം നൽകി ആദരിച്ചു. എസ്.എൽ.എസി, പ്ലസ് ടു പാസ്സായ എല്ലാ കുട്ടികൾക്കും രൂപതാ വിദ്യാഭ്യാസ ശുശ്രൂഷ തിരുവല്ല മേഖലാ സമിതിയുടെ സർട്ടിഫിക്കറ്റ് നൽകി ആദരിച്ചു. മേഖലാ വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ ബഹു. ഫാ . ജോർജ് ലോബോ സ്വാഗതവും മേഖലാ സെക്രട്ടറി ബഹു. സിസ്റ്റർ ജൂലിയ മേരി ഡി ഐ എച്ച് നന്ദിയും രേഖപ്പെടുത്തി.

# ഇടവക വാർത്തകൾ



ബിയെൽറാവ് വേളാങ്കണ്ണി മാതാ ദേവാലയത്തിൽ 34 കുട്ടികൾക്ക് അഭിവന്ദ്യ ജസ്റ്റിൻ പിതാവ് സ്ഥൈര്യലേപനം നൽകി അഭിവന്ദ്യ പിതാവിന്റെ ഇടവക സന്ദർശനവും ഇതോടനുബന്ധിച്ച് നടത്തപ്പെട്ടു. തുടർന്ന് നടന്ന പൊതുയോഗത്തിൽ വിവിധ സംഘടനാ പ്രതിനിധികൾ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. എല്ലാദിവസവും പ്രാർഥിക്കുന്ന കുടുംബത്തെ ദൈവം ഒരിക്കലും കൈവിടില്ല എന്നും തന്റെ അമ്മയും അപ്പനും ചെറുപ്പത്തിൽ ഉറങ്ങുന്നതിനു മുൻപ് കട്ടിലിന്റെ നാല് വശവും കുരിശു വരച്ച് പഠിപ്പിച്ചത് ഇന്നും താൻ ചെയ്യാറുണ്ടെന്നും പിതാവ് കുട്ടികളെ ഓർമ്മിപ്പിച്ചു.

## രൂപതയുടെ പ്രാർത്ഥനാശംസകൾ



പൗരോഹിത്യത്തിന്റെ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന ബഹു. ഫാ. ജോബ് കുഴിവയലിൽ, സിൽവർ ജൂബിലി ആഘോഷിക്കുന്ന റവ. ഫാ. വർഗ്ഗീസ് ആലുങ്കൽ, റവ. ഫാ. ഐസക് പടിഞ്ഞാറേക്കുറ്റ്, റവ. ഫാ. മാത്യു ഒഴത്തിൽ, റവ. ഫാ. ബൈജു HGN, റവ. ഫാ. ജോസ് കൈതക്കുഴിയിൽ എന്നിവർ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം.



സി.എം.എൽ. പ്രവർത്തനവർഷ ഉദ്ഘാടനം സെന്റ് മേരീസ് കുറുമുള്ളൂർ



ചീന്തലാർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ ക്രിസ്തുരാജാ തിരുനാൾ 2024 (കുട്ടികളുടെ തിരുനാൾ) മുന്നൊരുക്കമായി നടന്ന കുടുക്ക വിതരണം



ചീന്തലാർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ ഈ വർഷം ആദ്യകുർബ്ബാന സ്വീകരിച്ച കുട്ടികൾക്ക് വികാരി ഫാ. സെബാസ്റ്റ്യൻ വെളിയിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു.

# കെ.സി.വൈ.എം പ്രവർത്തനങ്ങൾ സമൂഹത്തിനു മാതൃകാപരം

**ഷാജു വി.തുരുത്തൻ**

**കെ.**സി.വൈ.എം പ്രവർത്തനങ്ങൾ സമൂഹത്തിനു മാതൃകപരമെന്നു പാലാ നഗരസഭാ ചെയർമാൻ ഷാജു.വി.തുരുത്തൻ അഭിപ്രായപ്പെട്ടു. കെ.സി.വൈ.എം വിജയപുരം രൂപത സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന 'ഇതൾ' പരിസ്ഥിതി മാസാചരണത്തിന്റെ ഭാഗമായി പാലാ നഗരസഭയുമായി ചേർന്ന് പാലാ കുമാരനാശാൻ സ്മാരക ചിൽഡ്രൻസ് പാർക്കിൽ നടന്ന ക്ലീൻ ഡ്രൈവ് ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കെ.സി.വൈ.എം വിജയപുരം രൂപത പ്രസിഡന്റ് അജിത് അൽഫോൻസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിനു രൂപത ജന. സെക്രട്ടറി ജോസ് സെബാസ്റ്റ്യൻ സ്വാഗതം ആശംസിച്ചു. കെ.സി.വൈ.എം പാലാ യൂണിറ്റ് ഡയറക്ടർ ഫാ. ജോഷി പുതുപ്പറമ്പിൽ, നഗരസഭ വൈസ് ചെയർപേഴ്സൺ ശ്രീമതി ലീന സണ്ണി പുതിയിടം, വാർഡ് കൗൺസിലർ ശ്രീമതി ലിസ്സിക്കുട്ടി മാത്യു എന്നിവർ സംസാരിച്ചു. രൂപത ട്രഷറർ അലൻ ജോസഫ്, സെക്രട്ടറി അനു വിൻസെന്റ്, യൂത്ത് കൗൺസിൽ അംഗങ്ങളായ എബിൻ ജോസഫ്, ജസ്റ്റിൻ രാജൻ, പ്രിൻസ് എബ്രഹാം, സാന്ദ്ര സണ്ണി എന്നിവർ നേതൃത്വം നൽകി.



കെ.സി.വൈ.എം
വിജയപുരം രൂപതയുടെ ആനിമേറ്ററായി
ചുമതലയേൽക്കുന്ന
**റവ. സി. മേരി ജ്യോതിസ് ഡി.ഐ.എച്ച്ന്**
രൂപത യുവജന കുടുംബത്തിലേക്ക്
**സ്വാഗതം**



KCYM കോട്ടയം മേഖല വാർഷിക പ്രതിനിധി സമ്മേളനത്തിൽ നിന്നും

## അഭിനന്ദനങ്ങൾ



എംബിബിഎസ്
ഫസ്റ്റ് ക്ലാസ്സോടുകൂടി പാസായ
വനവാതുക്കര ലിറ്റിൽ ഫ്ലവർ ഇടവകയിലെ
സെന്റ് സേവ്യർ പുളിക്കീഴ്
സബ്സ്റ്റേഷൻ ഇടവക അംഗമായ

**ക്രിസ്റ്റീന ജോസിന്**

വിജയപുരം രൂപതയുടെ
**അഭിനന്ദനങ്ങൾ**



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും
BBA യ്ക്ക് മൂന്നാം റാങ്ക് കരസ്ഥമാക്കിയ

**അലീന ബിജി അഗസ്റ്റിൻ**

ചങ്ങനാശ്ശേരി മേരി മൗണ്ട് ഇടവക
അംഗവും വലിയപറമ്പിൽ ജോസഫിന്റെയും
റീനയുടെയും മകളുമാണ്.

വിജയപുരം രൂപതയുടെ
**അഭിനന്ദനങ്ങൾ**



**കു**റുമുള്ളൂർ സെന്റ് മേരീസ് ദൈവാലയത്തിൽ പ്രവേശനോത്സവം നടത്തി. കുർബാനയ്ക്കുശേഷം കൂടിയ യോഗത്തിൽ സൺഡേസ്കൂൾ എച്ച്. എം. ജോസഫ് നെല്ലിത്താനം സ്വാഗതം ആശംസിച്ചു. മതബോധന രംഗത്തേക്ക് പുതുതായി കടന്നുവന്ന എല്ലാ കുട്ടികളേയും പൂക്കളും നെയിം ബാഡ്ജുകളും നൽകി സ്വീകരിച്ചു. വികാരി ഫാ. ആൽബർട്ട് കുമ്പളോലിൽ യോഗത്തിന് അധ്യക്ഷത വഹിച്ചു.
പാരീഷ് കൗൺസിൽ സെക്രട്ടറി ശ്രീ. ഷാജി താന്നികുന്നേൽ, പി.റ്റി.എ. കൺവീനർ ശ്രീ. ജോൺസൺ മലയിൽ തുടങ്ങിയവർ ആശംസകൾ നേർന്നു. അധ്യാപക പ്രതിനിധി ശ്രീ. നിഖിൽ എ. മാത്യൂസ് യോഗത്തിന് കൃതജ്ഞത അർപ്പിച്ചു. എല്ലാ വിദ്യാർത്ഥികൾക്കും മധുരം നൽകി. 2024-25 അധ്യയന വർഷത്തിന് തുടക്കം കുറിച്ചു.

# മൂവാറ്റുപുഴ മേഖല മതബോധന ദിനാചരണം



പെരുമ്പാവൂർ സെന്റ് ജോർജ് ദേവാലയത്തിൽ വച്ച് നടന്ന മതബോധന ദിനത്തിൽ 7 ഇടവകകളിൽ നിന്നും മൂന്നു സബ്സോണിൽ നിന്നുമായി 80 പേർ പങ്കെടുത്തു.

രണ്ടു കൊറിന്തോസ് ലേഖനവും C.C.Cയും You Cat-ഉം കോർത്തിണക്കിയ ക്ലാസ്സിൽ, വിശ്വാസം പകർന്നു നൽകുന്ന തേജസുറ്റ ശുശ്രൂഷയാണ് വിശ്വാസ പരിശീലകർ എന്ന നിലയിൽ ഓരോരുത്തരും ചെയ്യുന്നതെന്ന് ഫാ. സ്റ്റീഫൻ ചാലക്കര (K.C.B.C യൂത്ത് ഡയറക്ടർ) സൂചിപ്പിച്ചു. ലോകത്തുള്ള സകല മനുഷ്യരുടെയും ദാരിദ്ര്യം മാറ്റാൻ നമുക്ക് സാധിക്കുകയില്ല. എന്നാൽ ഒരു ആത്മാവിന്റെ ദാരിദ്ര്യം എങ്കിലും മാറ്റാൻ നമുക്ക് സാധിക്കും. അതിനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത് എന്ന് സ്വാഗത പ്രസംഗത്തിൽ സിസ്റ്റർ സ്വപ്ന സൂചിപ്പിച്ചു. അധ്യാപകരുടെ ശുശ്രൂഷയിലൂടെ മൂല്യബോധവും സഭയോട് ചേർന്ന് ചിന്തിക്കുന്ന വിശ്വാസപൂർണ്ണമായ പുതിയ തലമുറയെ വാർത്തെടുക്കുകയുമാണ് ചെയ്യുന്നതെന്ന് മേഖലാ മതബോധന ഡയറക്ടർ ഫാ. ജോർജ് പുത്തൻപറമ്പിൽ ഓർമിപ്പിച്ചു. അധ്യാപക പ്രതിനിധി എബി ആന്റണി യോഗം ഉദ്ഘാടനം ചെയ്തു. ലിജോ ജോസ് നന്ദി പറഞ്ഞു. മേഖലാ ഡയറക്ടറുടെ ആശിർവാദത്തോടെ യോഗം അവസാനിച്ചു.

---

# വാർഷിക പ്രതിനിധി സമ്മേളനം

കെ സി വൈ എം കോട്ടയം മേഖല വാർഷിക പ്രതിനിധി സമ്മേളനവും, തിരഞ്ഞെടുപ്പും, വി തോമസ് മൂർ അനുസ്മരണവും കുറിച്ചി സെന്റ് സേവ്യഴ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. വി കുർബാനയ്ക്ക് ശേഷം പ്രോഗ്രാം ആരംഭിച്ചു. അലീന ഷാജി പതാക ഉയർത്തി. രൂപത ഡയറക്ടർ റവ ഫാ. ജോൺ വിയാനി ഇന്ററാക്ടീവ്

സെഷൻ നടത്തി. തുടർന്നു രൂപത പ്രസിഡന്റ് ശ്രീ അജിത് അൽഫോൺസ് ക്ലാസും ഗ്രൂപ്പ് ചർച്ചയും നടത്തി. ഉച്ചയ്ക്ക് ശേഷം മേഖല ഡയറക്ടർ ഫാ അരുണിന്റെ സാന്നിധ്യത്തിൽ മേഖല തെരഞ്ഞെടുപ്പ് നടത്തപ്പെട്ടു. മനു മാത്യു പ്രസിഡന്റായും, ജീവൻ മാത്യൂസ് സെക്രട്ടറിയായും, അലീന ഷാജി വൈസ് പ്രസിഡന്റായും, സ്നേഹാമോൾ റോസ് ഷിബു ജോയിന്റ് സെക്രട്ടറിയായും, സരിൻ ചാക്കോ പീറ്റർ ഖജാൻജിയായും, അലീന ഫിലിപ്പ്, ജിഷ ഷെബിൻ എന്നിവർ വനിതാ പ്രതിനിധികളായും, അമൽ ആന്റണി, അശ്വിൻ ദേവസ്യ, ജിസൺ വി. ജയൻ,  ഷിജു എന്നിവർ എക്സിക്യൂട്ടീവ് അംഗങ്ങളായും തിരഞ്ഞെടുക്കപ്പെട്ടു. രൂപത സെക്രട്ടറി റെനീഷ്, ജനറൽ സെക്രട്ടറി ജോസ് സെബാസ്റ്റ്യൻ, ട്രഷറർ അലൻ എന്നിവർ ഇലക്ഷന് നേതൃത്വം നൽകി. തുടർന്നു ഫാ. അരുൺ സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വി തോമസ് മൂർ അനുസ്മരണം നടത്തി. മനു മാത്യുവിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത ആനിമേറ്റർ സി ജ്യോതിസ്, യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് തറയിൽ, രൂപത ഡയറക്ടർ ഫാ ജോൺ വിയാനി, സംസ്ഥാന ലാറ്റിൻ ജനറൽ സെക്രട്ടറി സുബിൻ, സംസ്ഥാന സെക്രട്ടറി ജോസ് വർക്കി, രൂപത പ്രസിഡന്റ് അജിത് അൽഫോൺസ് മറ്റു രൂപത ഭാരവാഹികൾ, മേഖല ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു. സെക്രട്ടറി ജീവൻ മാത്യൂസ് നന്ദി അർപ്പിച്ചു.

## CML 2024–25 പ്രവർത്തനവർഷ ഉദ്ഘാടനം



*CML 2024–25 പ്രവർത്തനവർഷ ഉദ്ഘാടനം മൂന്നാർ മൗണ്ട് കാർമൽ ബസിലിക്കയിൽ*

# വി.എസ്.എസ്.എസ്. വാർത്തകൾ

## അവധിക്കാല ക്യാമ്പ് സമാപനം



വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി വിജയ് ബാലവേദികൾക്കായി സംഘടിപ്പിച്ച അവധിക്കാല ക്യാമ്പുകളുടെ സമാപനത്തോടനുബന്ധിച്ച് എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്കുള്ള ഉപഹാരസമർപ്പണവും ക്യാമ്പിന്റെ ഭാഗമായിരുന്ന കുട്ടികൾക്കായുള്ള സ്കൂൾബാഗ്, കുട എന്നിവയുടെ വിതരണവും, നേതൃപരിശീലനവും അമലനിലയത്തിൽ നടന്നു. ഇതോടനുബന്ധിച്ച് ചേർന്ന സമ്മേളനം രൂപതാ സഹായമെത്രാൻ റൈറ്റ്.റവ. ഡോ. ജസ്റ്റിൻ അലക്സാണ്ടർ മഠത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ഇപ്പോഴുണ്ടായ വിജയം ഒരു തുടക്കമാവണം, ഭാവിയിലേക്ക് നമുക്ക് പ്രതീക്ഷയോടെ മുന്നേറണം, അതിനായി വലിയ സ്വപ്നങ്ങളും കാണണം, കഠിനാദ്ധ്വാനവും വേണം. അഭിവന്ദ്യ പിതാവ് പറഞ്ഞു. ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ്മേച്ചേരിൽ അധ്യക്ഷനായിരുന്നു.

എസ്.എസ്.എൽ.സി. പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയവർക്കുള്ള ഉപഹാരം കോട്ടയം നഗര സഭാദ്ധ്യക്ഷ ബിൻസി സെബാസ്റ്റ്യൻ വിതരണം ചെയ്തു. ബാലവേദിയംഗങ്ങളുടെ സർഗശേഷിയുടെ പ്രതിഫലനമായി അവർ തയ്യാറാക്കിയ കൈയെഴുത്തു മാസിക








'നിറം' ജില്ലാ ശിശുസംരക്ഷണ ഓഫീസർ ബിന്ദു എം.ആർ നഗരസഭാംഗം മോളിക്കുട്ടി സെബാസ്റ്റ്യനു നൽകി പ്രകാശനം ചെയ്തു. നേതൃ പരിശീലന ക്യാമ്പ് ജെ.സി.ഐ. പരിശീലകൻ ബെന്നി മാത്യൂസ് നയിച്ചു. അസി. ഡയറക്ടർ ഫാ. ലിനോസ് ബിവേര ചുള്ളിക്കപ്പറമ്പിൽ, ബാലവേദി കോ-ഓർഡിനേറ്റർമാരായ ഷിലി എബ്രഹാം, ശില്പബാബു എന്നിവർ സംസാരിച്ചു. 120 പേർ പങ്കെടുത്തു.

# യാത്രാമംഗളം



കഴിഞ്ഞ ആറു വർഷക്കാലം വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കുടുംബ ക്ഷേമപദ്ധതിയായ വീ.ഷെയർ വിദ്യാഭ്യാസ പരിപോഷണ പദ്ധതിയായ എ.സി.എസ്.ഐ. എന്നിവയുടെ കോ-ഓർഡിനേറ്റർ എന്ന നിലയിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച റവ.സിസ്റ്റർ സൂസൻ ആർ.എഫ്.റ്റി.എസ്. തൽസ്ഥാനത്ത് നിന്നു വിരമിച്ചു. പദ്ധതിയിലെ ഓരോ അംഗവുമായും ഊഷ്മള ബന്ധം സൂക്ഷിച്ചിരുന്ന സിസ്റ്റർ അധികച്ചുമതലയായി ഏറ്റെടുത്ത എൽഡേഴ്സ് ഫോറം എന്ന പദ്ധതിവഴി മുതിർന്ന പൗരന്മാരെ ഒരുമിച്ചുകൂട്ടി അവരെ കർമ്മോത്സുകരാക്കാനും സജീവമാക്കി നിലനിർത്താനും പരിശ്രമിച്ചു. പുതിയ മേഖലയിലും സിസ്റ്റർ ഏറ്റെടുത്ത ദൗത്യം വിജയകരമായിത്തീരുവാനുള്ള ദൈവാനുഗ്രഹം പ്രാർത്ഥിച്ചു കൊണ്ടും സേവനങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ടും,

**ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ**
*ഡയറക്ടർ*

---

# സ്വാഗതം



വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വീ-ഷെയർ എ.സി.എസ്.ഐ. പദ്ധതികളുടെ കോ-ഓർഡിനേറ്ററായി റവ.സി. റോസ. ആർ (വത്സമ്മ) RFTS ചുമതലയേറ്റു. സിസ്റ്ററിന് വി.എസ്.എസ്.എസ്. കുടുംബത്തിലേക്ക് ഊഷ്മളമായ വരവേൽപ്പ്.

---

# സ്കൂൾബാഗ്, കുട എന്നിവയുടെ വിതരണം

ബാലവേദി അവധിക്കാല ക്യാമ്പിൽ പങ്കെടുത്തവരും, എൽ.പി. യു.പി. തലങ്ങളിൽ പഠനം നടത്തുന്നവരുമായ വിദ്യാർത്ഥികൾക്ക് വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്കൂൾ ബാഗ്, കുട എന്നിവ വിതരണം ചെയ്തു. കോട്ടയം, പട്ടിത്താനം, മുണ്ടക്കയം, തിരുവല്ല എന്നീ മേഖലകളിലെ 30 ഇടവകകളിൽ സൊസൈറ്റി ഡയറക്ടർമാരായ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ, ഫാ. ലിനൂസ് ബിവേര ചുള്ളിക്കപ്പറമ്പിൽ, എന്നിവരുടെ നേതൃത്വത്തിൽ ഇവ നേരിട്ടെത്തിച്ചു നൽകി. 767 സ്കൂൾബാഗുകളും കുടയുമാണ് വിതരണം ചെയ്തത്.

# പരിസ്ഥിതി ദിനാഘോഷം






**ലോ**ക പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി, കോട്ടയം നഗരസഭ, ജില്ലാ ശുചിത്വ മിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടി നഗരസഭാധ്യക്ഷ ബിൻസി സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. മീനന്തറ യാറിന്റെ തീരത്ത് വൃക്ഷതൈകൾ നടുന്നതിന്റെ ഉദ്ഘാടനം വി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിലും നിർവ്വഹിച്ചു. വി.എസ്.എസ്.എസ്. അസി. ഡയറക്ടർ ഫാ. ലിനൂസ് ബിവേര ചുള്ളിക്കപ്പറമ്പിൽ, നഗരസഭാംഗം മോളിക്കുട്ടി സെബാസ്റ്റ്യൻ, നഗരസഭ ആരോഗ്യവിഭാഗം കോ-ഓർഡിനേറ്റർ ഗിരിജ, വി.എസ്.എസ്.എസ്. പ്രോഗ്രാം ഓഫീസർ സെബാസ്റ്റ്യൻ മറ്റത്തിൽ എന്നിവർ സംസാരിച്ചു. ശുചിത്വമിഷൻ പ്രതിനിധികൾ, മേഖലാ പാർപ്പിട സമിതി ഭാരവാഹികൾ ഹരിത കർമ്മസേനാംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## ആശാകിരണം രോഗിസഹായ നിധിയിലേക്ക് വിവിധ ജനകീയ വികസനസമിതികൾ ശേഖരിച്ച് നൽകിയ തുകയും വി.എസ്.എസ്.എസ്. മുഖേന ചികിത്സാ സഹായം നൽകിയതും

| ലഭിച്ച തുക | | ചികിത്സാ സഹായം | |
|---|---|---|---|
| പെരുമ്പെട്ടി | 3500 | ആണ്ടൂർ | 5000 |
| വനവാതൂക്കര | 630 | കവളങ്ങാട് | 7000 |
| വേളൂർ | 5000 | പൊതുവായത് | 8000 |
| വടവാതൂർ | 5000 | | |
| എലിക്കുളം | 1000 | | |
| ചെങ്ങളം | 30000 | | |
| **ആകെ** | **45130** | **ആകെ** | **20000** |

## ആശാകിരണം സന്നദ്ധ പ്രവർത്തകയോഗം



വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ രോഗീ സാന്ത്വന പദ്ധതിയായ ആശാകിരണത്തിന്റെ സന്നദ്ധപ്രവർത്തക യോഗം കോട്ടയം, പട്ടിത്താനം, മുണ്ടക്കയം, തിരുവല്ല എന്നിവിടങ്ങളിൽ മേഖലാ പ്രസിഡന്റുമാരായ ഫാ. ജോസഫ് തറയിൽ, ഫാ. തോമസ് പഴവക്കാട്ടിൽ, ഫാ. വർഗീസ് ആലുങ്കൽ എന്നിവരുടെ അദ്ധ്യക്ഷതയിൽ നടന്നു. പ്രവർത്തന റിപ്പോർട്ടവതരണവും, തുടർ പ്രവർത്തനാസൂത്രണവും നടന്നു. കോ-ഓർഡിനേറ്റർ പ്രമീല ജോർജ് റിപ്പോർട്ടുകൾ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. 132 പേർ പങ്കെടുത്തു.

കോട്ടയം മേഖലാ യോഗം ചെങ്ങളത്ത് ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ആശാകിരണം പ്രവർത്തനനിധിയിലേക്ക് ചെങ്ങളം ഇടവകയിലെ പ്രവർത്തകർ സമാഹരിച്ച 30000- (മുപ്പതിനായിരം) രൂപ വികാരി ഫാ. അരുൺ ഡി. വി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിലിന് കൈമാറി.



വിജയപുരം രൂപത കോൺഗ്രിഗേഷൻ ആയ വിമലഹൃദയ പുത്രിമാർ (DIH) എന്ന സന്യാസിനി സഭയിൽ നിന്നും 25-05-2024 നു, തങ്ങളുടെ സന്യാസ സമർപ്പണത്തിന്റെ രജത ജൂബിലി ആഘോഷിച്ച റവ. സി. മേരി തെരേസ് DIH, റവ.സി. മേരി സജിത DIH, റവ. സി. മേരി മേഴ്സി DIH, നിത്യ വ്രത വാഗ്ദാനം നടത്തിയ റവ. സി. മേരി എമിലിൻ DIH എന്നിവർ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവിനും ബഹുമാനപ്പെട്ട വൈദികർക്കുമൊപ്പം.



CTC സന്യാസസമൂഹത്തിൽ നിന്നും സമർപ്പണ ജീവിതത്തിന്റെ 50 വർഷങ്ങൾ പൂർത്തീകരിച്ച് ഗോൾഡൻ ജൂബിലി ആഘോഷിച്ച, സി. സീലാ, സി. മജിസ്റ്റാ, സി. ലിനറ്റ്, സി. പമീലാ; സിൽവർ ജൂബിലി ആഘോഷിച്ച സി. കീർത്തന എന്നിവർ അഭിവന്ദ്യ സെബാസ്ത്യൻ തെക്കെത്തേച്ചേരിൽ പിതാവിനോടും ബഹു.വൈദികരോടുമൊപ്പം.




പ്രേക്ഷിതഭേരി 2k24 - ചെറുപുഷ്പ മിഷൻ ലീഗ് വിജയപുരം രൂപത പ്രവർത്തനവർഷം കോട്ടയം മേഖലയിലെ കുറിച്ചി സെന്റ് സേവിയേഴ്സ് ഇടവകയിൽ രൂപത ചാൻസിലർ മോൺ. ഡോ. ജോസ് നവസ് പുത്തൻപറമ്പിൽ ഉദ്ഘാടനം ചെയ്തപ്പോൾ.

JULY 2024
Vol. 17 • Issue 7
Published on
1st July 2024

vijayapuradhuthu
(MONTHLY)
Annual Subscription ₹ 100.00

Registered No. KL/KTM/117/2023-25
LIC. No. KL/CR/KTM/WPP-03/2023-25
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

यूनियन बैंक ऑफ इंडिया
Union Bank of India

Kodimatha Branch
Amson Building, Ground Floor
Building No. 857G, E, F, Ward No. XXIX
Kodimatha, Kottayam - 686013



യൂണിയൻ ഗോൾഡ് ലോൺ

KCC സ്വർണ്ണ വായ്പ 4% പലിശ മാത്രം

- ഗ്രാമിന് പരമാവധി 4722 രൂപ വരെ
- 100 രൂപക്ക് പ്രതിമാസം 72 പൈസ മാത്രം പലിശ
- ബിസിനസ്സ് വ്യക്തിഗത ആവശ്യങ്ങൾക്ക് സ്വർണ്ണ പണയത്തിൻമേൽ മറ്റു ബാങ്കുകളെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ പലിശ നിരക്ക്.
- പ്രോസസ്സിംഗ് പ്രീ പേയ്മെന്റ് ചാർജ്ജുകൾ ഇല്ല.
- ലളിതവും വേഗമേറിയതുമായ പ്രോസസ്സിംഗ്.
- സ്വർണ്ണ പണയത്തിൻമേൽ ഓവർ ഡ്രാഫ്റ്റ് സാകര്യം ലഭ്യമാണ്.
- 1 കോടി രൂപ വരെ സ്വർണ്ണപണയ വായ്പ ലഭ്യമാണ്.
- എല്ലാ പ്രവൃത്തി ദിവസങ്ങളിലും 10.00 മണി മുതൽ 4.00 മണി വരെ വായ്പാ സൗകര്യം.
- വായ്പാതുക അടച്ചു തീർത്ത ഉടൻ തന്നെ സ്വർണ്ണം തിരികെ ലഭിക്കുന്നു.



കൂടുതൽ വിവരങ്ങൾക്ക് :
0481-2581213, 8369774730, 7012204575

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm. at Good Shepherd Press, Kottayam, Kerala. #0481-2569108